LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തനരഹിതമായ ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസലുകളും എസ്റ്റിമേറ്റും ജില്ലാ മെഡിക്കൽ ആഫീസർമാർ സമർപ്പിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) നിലവിൽ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ പ്രോഗ്രാം, കേരളാ അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് ഫോർ ഹോസ്പിറ്റൽസ്, നാഷണൽ സ്റ്റാന്റേർഡ് ഫോർ ക്വാളിറ്റി അഷ്വറൻസ് എന്നിവ നടപ്പാക്കി വരുന്നു. ഇതുവരെ 9 ഗവൺമെന്റ് ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. 18 ആരോഗ്യ സ്ഥാപനങ്ങൾക്ക് കേരളാ അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസിന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. രണ്ട് ആരോഗ്യ സ്ഥാപനങ്ങൾക്ക് നാഷണൽ സ്റ്റാന്റേർഡ് ഫോർ ക്വാളിറ്റി അഷ്വറൻസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ കൂടുതൽ ആശുപത്രികളിൽ നടപ്പാക്കുന്നത് പരിഗോധിക്കുന്നതാണ്.

(സി) സർക്കാർ ആശുപത്രി കോംപൗണ്ടിനകത്തുള്ള റോഡുകൾ ടാറിംഗ് നടത്തുന്നതിനായുള്ള പ്രൊപ്പോസലും, എസ്റ്റിമേറ്റും ജില്ലാ മെഡിക്കൽ ആഫീസർ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകി ടാറിംഗ് നടത്തുന്നുണ്ട്. തുടർന്നുള്ള പ്രൊപ്പോസലുകളും എസ്റ്റിമേറ്റും സമർപ്പിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പുതിയതായി തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ ജില്ലാ മെഡിക്കൽ ആഫീസർമാർ സമർപ്പിക്കുന്ന മുറയ്ക്ക് കൂടുതൽ ക്ലീനിങ്ങ് സ്റ്റാഫിനെ നിയമിക്കുന്നകാര്യം തീരുമാനിക്കുന്നതാണ്.

വികലാംഗ ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

39 (728) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ എന്നിവിടങ്ങളിൽ താത്ക്കാലികാടിസ്ഥാനത്തിൽ എത്ര വികലാംഗ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട് ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പത്ത് വർഷത്തിലേറെ തുടർച്ചയായി ജോലി ചെയ്യുവരുന്ന എത്ര ജീവനക്കാരാണുള്ളത് ;

(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ടോ ;

(ഡി) സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് പ്രസ്തുത വികലാംഗ ജീവനക്കാർ അപേക്ഷ നൽകിയിട്ടുണ്ടോ ;

(ഇ) അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ 8 വികലാംഗ ജീവനക്കാർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്നുണ്ട്.

ജനറൽ ആശുപത്രി, ആലപ്പുഴ	-	2
താലൂക്ക് ആശുപത്രി, ഹരിപ്പാട്	-	1
ജനറൽ ആശുപത്രി, മഞ്ചേരി	-	1
താലൂക്ക് ആശുപത്രി, നാദാപുരം	-	2
ജനറൽ ആശുപത്രി, വടകര	-	1
താലൂക്ക് ആശുപത്രി, വണ്ടൂർ, മലപ്പുറം	-	1

(ബി) പത്ത് വർഷത്തിലേറെ തുടർച്ചയായി ജോലി ചെയ്യുവരുന്ന ആരും തന്നെയില്ല. (179 ദിവസം കൂടുമ്പോൾ നിയമാനുസൃതമായി ജോലിയിൽ പര്യവസാനം നൽകിക്കൊണ്ടിരിക്കുന്നു).

(സി) വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം അർഹതയുള്ളവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. കോഴിക്കോട് ജില്ലയിലെ നാദാപുരം താലൂക്കാശുപത്രിയിലെ പമ്പ് ഓപ്പറേറ്റർ കറ്റിയിൽ ചന്ദ്രൻ, മലപ്പുറം ജില്ലയിലെ ജനറൽ ആശുപത്രിയിൽ വികസന സൊസൈറ്റിക്ക് കീഴിൽ ജോലി ചെയ്യുവരുന്ന ശ്രീ. അനീസ് കെ.എസ്. എന്നിവർ അപേക്ഷ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നാദാപുരം താലൂക്കാശുപത്രിയിലെ പമ്പ് ഓപ്പറേറ്റർ കുറ്റിയിൽ ചന്ദ്രന്റെ അപേക്ഷയിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. അനീസ് കെ. എസ്. നൽകിയ അപേക്ഷയിൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി റീജണൽ മാനേജർ നിയമനത്തിലെ അഴിമതി

40 (729) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി റീജണൽ മാനേജർ നിയമനത്തിൽ അഴിമതിയും ഉന്നത ഇടപെടലും ഉണ്ടായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻകാലങ്ങളിൽ ഈ നിയമനത്തിന് സ്വീകരിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) അതിൽനിന്നും വ്യത്യസ്തമായി നിയമനം നടത്താൻ ആരാണ് ഉത്തരവ് നൽകിയത് ;

(ഡി) നിലവിൽ കോർപ്പറേഷനിൽ ജോലിനോക്കുന്ന എം.ഫാം. യോഗ്യതയുള്ളവരെ പ്രസ്തുത പോസ്റ്റിലേക്കുള്ള നിയമനത്തിൽനിന്ന് ഒഴിവാക്കിയിരുന്നോ ; എങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) മുൻകാലങ്ങളിൽ റീജണൽ മാനേജർ നിയമനം നടത്തിയിരുന്നില്ല.

(സി&ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരമാണ് ഇപ്പോഴത്തെ നിയമനത്തിനായി നടപടികൾ സ്വീകരിച്ചത്. കോർപ്പറേഷനിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വിഭാഗത്തിൽ ജോലി ചെയ്യുന്ന കാരുണ്യ ഫാർമസിയിലും കാരുണ്യ മെഡിസിൻ ഡിപ്പോയിലും മാനേജ് ചെയ്ത് പരിചയമുള്ള ബി.ഫാം അല്ലെങ്കിൽ എം.ഫാം യോഗ്യതയുള്ള എല്ലാവരെയും റീജണൽ മാനേജർ നിയമനത്തിന് പരിഗണിച്ചിരുന്നു. മറ്റു വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന പ്രസ്തുത യോഗ്യതയില്ലാത്തവരെ നിയമനത്തിന് പരിഗണിച്ചിരുന്നില്ല. കൂടാതെ തിരുവനന്തപുരം ജില്ല ഉൾപ്പെടുന്ന റീജണൽ മാനേജരായി നിയമിതനായ ഉദ്യോഗാർത്ഥി എം.ഫാം യോഗ്യതയുള്ളയാളാണ്.

LIBRARY ARCHIVES Kerala Legislative Assembly